# അക്കാദമിക്
# മാസ്റ്റർ പ്ലാൻ 2025-26



## ബി.വൈ.കെ.വി.എച്ച്.എസ്.എസ്.
## വളവന്നൂർ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| * വിദ്യാലയത്തിന്റെ പേര് | : | ബി.വൈ.കെ.വി.എച്ച്.എസ്.എസ്. വളവന്നൂർ |
| * വിലാസം | : | വളവന്നൂർ പി.ഒ (676551) മലപ്പുറം, 0494 2546031 |
| * ഗ്രാമപഞ്ചായത്ത് | : | വളവന്നൂർ |
| * വിദ്യാഭ്യാസ ഉപജില്ല | : | താനൂർ |
| * വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| * റവന്യൂ ജില്ല | : | മലപ്പുറം |
| * ബി.ആർ.സി | : | താനൂർ |
| * ഇ. മെയിൽ | : | bykvhss@gmail.com |
| * School Code | : | 19078 |
| * website | : | www.bykvhss.com |

## <u>ഉള്ളടക്കം</u>


* ആമുഖം
* സ്കൂൾ ചരിത്രം
* പൊതു ലക്ഷ്യങ്ങൾ
* പദ്ധതി രൂപീകരണ പ്രക്രിയ
* പദ്ധതി വിശദാംശങ്ങൾ
* പ്രതീക്ഷിത നേട്ടങ്ങൾ
* ഉപസംഹാരം

# ആമുഖം

തികഞ്ഞ അച്ചടക്കവും ഉന്നത പഠനനിലവാരവും പുലർത്തുന്നതോടപ്പം പാഠ്യേ തര പ്രവർത്തനങ്ങളിൽ സംസ്ഥാന തലത്തിൽ തന്നെ മികച്ച പ്രകടനം കാഴ്ച വെക്കുന്ന മലപ്പുറം ജില്ലയിലെ പ്രമഖ വിദ്യാലയമാണ് വളവന്നൂർ ബാഫഖി യതീഖാന ഹൈസ്ക്കൂൾ.

വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് എല്ലാതരം വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രവർത്തികമാക്കാനായി സ്ക്കൂൾ എന്നും ശ്രന്ധ ചെലുത്താറണ്ട്. സ്കൂളിൽ പ്രവർത്തിക്കുന്ന ജെ.ആർ.സി സ്കൗട്ട് ആന്റ് ഗൈഡ്സ്, ഹരിത ക്ലബ്ബ്, മാത്സ് ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ്, ഗാന്ധി ദർശൻ, വിദ്യാരംഗം കലാസാഹിത്യ വേദി വിവിധ ക്ലബുകൾ തുടങ്ങിയവ കുട്ടികളുടെ വ്യത്യസ്തങ്ങളായ അഭിരുചികളെ പ്രോത്സാഹിപ്പിക്കാനും ഉന്നതനേട്ടങ്ങൾ കൈവരികനുമുള്ള ആത്മവിശ്വാസം കുട്ടികളിൽ വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

സ്കൂളിന്റെ മികവുകൾ കുടുതൽ തലങ്ങളിലേക്ക് വികസിപ്പിക്കുവാനായി, മാനേജ്മെന്റിന്റെയും, പി.ടി.എ കമ്മിറ്റിയുടെയും പൂർവ്വ വിദ്യാർതഥികളുടെയും പൂർണ സഹകരത്തോടെ, എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തലങ്ങളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# വിദ്യാലയ ചരിത്രം

മലബാറിലെ പ്രധാന വാണിജ്യകേന്ദ്രമായിരുന്ന തലക്കടത്തൂരിലേക്ക് കച്ചവടസംഘ ങ്ങൾ ഈ ഗ്രാമത്തിലെ വളഞ്ഞു തിരിഞ്ഞ ഊടു വഴുകളിലൂടെയായിരുന്നു സഞ്ചരിച്ചിരു ന്നത്. പ്രസ്തുത സംഘങ്ങൾ അന്ന് ഉപയോഗിച്ച വളഞ്ഞ ഊര് എന്ന പ്രയോഗം പിൽക്കാലത്ത് വളവന്നൂരായി പരിണമിച്ചുവെന്നും പറയപ്പെടുന്നു. ഈ പ്രദേശവുമായി അറബികൾക്ക് വ്യാപാര വാണിജ്യ ബന്ധം നിലനിന്നിരുന്നു എന്ന് ചരിത്രം സാക്ഷ്യപ്പെടു ത്തുന്നുണ്ട്. ഈ നാട്ടിലെ കാർഷിക വിളകൾ പലതും അക്കാലത്തെ അറബി കവിതക ളിൽ നിറഞ്ഞ് നിന്നിരുന്നു. അറബി ഭാഷ മനസ്സിലാക്കാനും സംവദിക്കാനും കഴിവുള്ള ആളുകൾ കേരളത്തിലും മലബാർ മേഖലയിൽ പ്രത്യേകിച്ചും ഉണ്ടായിരുന്നതായി ചരിത്രപഠനങ്ങൾ വ്യക്തമാക്കി യിട്ടുണ്ട്.

കാർഷിക വിളകൾ കൊണ്ട് അനുഗ്രഹീതമായ ഈ നാട്ടിൽ വിദ്യ കൂടി ഉണ്ടായാൽ എന്ന് പൂർവ്വികർ ആഗ്രഹിച്ചിരുന്നു. അതിനാൽ തന്നെ വെളിച്ചം ഉണ്ടെങ്കിൽ, വിദ്യ ഉണ്ടങ്കിൽ, അറിവുണ്ടെങ്കിൽ, എന്ന അർത്ഥം വരുന്ന 'വലൗനൂർ' എന്ന അറബി പദത്തിൽ നിന്നാണ് 'വളവന്നൂർ' എന്ന പേര് ഉണ്ടായതെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. ബാഫഖി യതീംഖാനക്ക് കീഴിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഒരു വിദ്യാകേന്ദ്രമാണ് യതീംഖാന ഹൈസ്കൂൾ. യതീംഖാന സ്ഥാപിച്ച മഹാന്മാരായ ആളുകൾക്കിടയിൽ യതീം ഖാനക്ക് കീഴിൽ ഒരു സ്കൂൾ വേണമെന്ന ചർച്ച രൂപപ്പെട്ടപ്പോൾ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച്.മുഹമ്മദ് കോയ സാഹിബിനോട് ഈ ആവശ്യം ഉന്നയിക്കുകയും അദ്ദേഹം അത് പരിഗണിക്കുകയും ഒരു ഹൈസ്കൂൾ തന്നെ തുടങ്ങുന്നതിന് വേണ്ട കാര്യ ങ്ങൾ ചെയ്യുകയുമുണ്ടായി. അങ്ങനെ 1979 ൽ അത് സാക്ഷാത്കരിച്ചു.

സ്കൂളിന്റെ ആദ്യ ക്ലാസുകൾ തുടങ്ങിയത് യതീംഖാനയുടെ പ്രധാന കെട്ടിട ത്തിലായിരുന്നു. കമ്മിറ്റി പ്രസിഡന്റായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ ജനറൽ സെക്രട്ടറിയായിരുന്ന പി.ടി.കുഞ്ഞുട്ടി ഹാജിയുടെ മകൻ പി.ടി. നാസറിനെ പ്രഥമ വിദ്യാർത്ഥിയായി ചേർത്താണ് ഉദ്ഘാടനം നിർവ്വഹിച്ചത്. അങ്ങനെ 1979-80 അക്കാദമിക് വർഷത്തിൽ 121 കുട്ടികൾക്കാണ് പ്രവേശനം നൽകി യത്. അന്ന് 6 അധ്യാപകരും 2 അധ്യാപകേതര ജോലിക്കാരുമാണ് സേവനം നട ത്തിയിരുന്നത്. 1979 ലെ എട്ടാം ക്ലാസുകാർ 1982 ൽ പത്താം ക്ലാസിലെത്തിയപ്പോ ഴേക്കും 121 കുട്ടികൾ എന്നത് 48 കുട്ടികളായി കുറഞ്ഞു. ഇവരിൽ 43 കുട്ടികളാണ് 1ാം ബാച്ച് എസ് എസ് എൽ സി പരീക്ഷ എഴുതിയത്. പിന്നീടുള്ള ഓരോ വർഷവും കുട്ടികളുടെ എണ്ണവും വിജയ ശതമാനവും വർദ്ധിച്ചുകൊണ്ടിരുന്നു.

ഇപ്പോൾ സ്കൂളിൽ 76 അധ്യാപകരും 51 ഡിവിഷനുകളിലായി 2942 കുട്ടികളും ഉൾക്കൊള്ളു ന്നതാണ് ഈ സ്ഥാപനം. പരിസര പ്രദേശങ്ങളിലെ സ്കൂളുകളെ അപേക്ഷിച്ച് എന്നും മുന്നിലായിരുന്നു ബാഫഖി യതീംഖാന ഹൈസ്കൂൾ. കഴിഞ്ഞ അക്കാദമിക് വർഷം (2024-25) 100 ശതമാനം റിസൾട്ട് ഉണ്ടാ ക്കാൻ കഴിഞ്ഞു. ഈ വർഷം (2025-26) 851 കുട്ടികളാണ് പരീക്ഷ എഴുതുന്നത്. 1979 ൽ തുടങ്ങിയ ഈ സ്ഥാപനം സ്വന്തമായ ഒരു കെട്ടിടത്തിനു വേണ്ടി ശ്രമിച്ച പ്പോൾ 1980 ൽ തന്നെ സാധിച്ചു. 1989കളിൽ കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം 8ാം ക്ലാസിലെ ഏതാനും ഡിവിഷനുകൾ യതീംഖാന കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചിരുന്നു. എന്നാൽ നിലവിൽ അതിനൊക്കെ വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു. എല്ലാ സൗകര്യങ്ങളോടും കൂടിയ സ്മാർട്ട് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ, ലൈബ്ര റി, പഠന സീഡികളുടെ വിപുലമായ ശേഖരം, ശാസ്ത്രീയമായ പഠന രീതികൾ, ചിട്ടയോടു കൂടിയ പരീക്ഷാക്രമീകരണങ്ങൾ, തന്റെ ഏതു സമയവും വിദ്യാർത്ഥി കൾക്ക് വേണ്ടി വിനിയോഗിക്കാൻ തയ്യാറുള്ള ധാരാളം അധ്യാപകർ ഇവയെല്ലാം സ്ഥാപനത്തിന്റെ സവിശേഷതയാണ്. അതിലൂടെ കുട്ടികളുടെ കഴിവുകൾ മികവുറ്റ രീതിയിൽ പ്രകടിക്കുകയും, കഴിഞ്ഞ സംസ്ഥാന ഗണിത-ശാസ്ത്ര മേളയിൽ ഉയർന്ന സ്കോർ നേടാൻ സ്ഥാപനത്തിനു സാധിക്കുകയും ചെയ്തു.

ഈ സ്ഥാപനത്തിന്റെ ആദ്യ മാനേജർ തലക്കടത്തൂർ പി.ടി.കുഞ്ഞുട്ടിഹാജിയാ യിരുന്നു. കുഞ്ഞുട്ടിഹാജിയുടെ നിര്യാണത്തിനു മുമ്പ് തന്നെ വാർദ്ധക്യ സഹജ മായ സാഹചര്യം മനസ്സിലാക്കി പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ പടിയത്ത് മുഹമ്മദ് ഹാജിയെ മാനേജരായി ചുമതലപ്പെടുത്തി. മുഹമ്മദാജിയുടെ മരണശേഷം ബഹുമാന്യനായ അത്താഉള്ള അഹ്സനി മാനേജറായി തുടരുന്നു.

1979 മുതൽ ഈ സ്ഥാപനത്തിൽ വളവന്നൂർ പഞ്ചായത്തിലേയും സമീപ പഞ്ചായത്തു കളായ കൽപകഞ്ചേരി, മാറാക്കര, ആതവനാട്, ചെറിയമുണ്ടം, പൊന്മുണ്ടം, താനാളൂർ, തിരൂർ മുൻസിപ്പാലിറ്റി, ഒഴൂർ

പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികൾക്ക് ബോഡിങ്ങും യതീംഖാനയിലും അറിവ് പകർന്ന് കൊടുക്കാൻ സാധിച്ചിട്ടുണ്ട്. യതീം ഖാന ഹൈസ്കൂളിന്റെ സവിശേഷത ഭൗതിക വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം അതിന്റെ മാതൃസ്ഥാപനം സ്ഥാപിച്ച മഹാന്മാർ സ്വപ്നം കണ്ട ധാർമ്മികതയിലധിഷ്ഠിതമായ സ്വഭാവ രൂപീകരണത്തിലും വലിയ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന താണ്. ഇവിടെ പഠിച്ച ധാരാളം വിദ്യാർത്ഥികൾ വിദേശത്തും സ്വദേശത്തും ഉയർന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

2015-16 അക്കാദമിക വർഷം സ്ഥാപനത്തിൽ പഠിച്ചിരുന്ന സാമ്പത്തിക പ്രയാസ ങ്ങൾ അനുഭവിച്ചിരുന്ന വൈലത്തൂരിലെ മുഹമ്മദ് റിയാസ് എന്ന വിദ്യാർത്ഥിക്ക് സഹ പാഠികളും അധ്യാപകരും ചേർന്ന് ഒരു സ്നേഹവീട് ഉണ്ടാക്കികൊടുക്കാൻ സാധിച്ചു. അപരരെ സഹായിക്കുന്ന കാര്യത്തിലും ഈ സ്ഥാപനത്തിന്റെ മക്കൾ മുന്നിലാണ്. സാമൂഹ്യ പ്രതിബദ്ധതയുള്ള വിദ്യാർത്ഥികളായി വളർത്തലാണ് ഇതിന്റെയൊക്കെ ല ക്ഷ്യം.

സ്കൗട്ട്, ഗൈഡ്സ്, ജെ.ആർ.സി, ദേശീയ ഹരിത സേന, വിജയഭേരി എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നിവ ഹൈസ്കൂകൂളിനോടൊപ്പം പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ പി.ടി.എ. പ്രസിഡണ്ട് അബൂബക്കർ ആണ്. അദ്ദേഹം ഈ സ്ഥാപനത്തിലെ അലുംനിയുടെ ഭാരവാഹി കൂടി യാണ്. എം.ടി.എ പ്രസിഡണ്ട് റഷീദ ബീഗം ആണ്. സ്ഥാപന അലുംനി പ്രസിഡണ്ട് പ്രഥമ വിദ്യാർത്ഥിയായ നാസർ പി.ടി.യും, സെക്രട്ടറി പൂർവ്വ വിദ്യാർത്ഥിയും ഈ സ്ഥാപ നത്തിലെ തന്നെ ഇംഗ്ലീഷ് അദ്ധ്യാപകൻ കൂടിയായ അമീറലി മാസ്റ്റർ ആണ്.

നമ്മുടെ ഈ മഹൽ സ്ഥാപനം ബാഫഖി യതീംഖാന വൊക്കേഷണൽ ഹയർ സെക്ക ണ്ടറി സ്കൂൾ ഇനിയും അക്കാദമിക കാര്യങ്ങളിലും, പാഠ്യേതര പ്രവർത്തനങ്ങളിലും ഉയരങ്ങളിലേക്ക് എത്താൻ ദൈവം തുണക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

* മതനിരപേക്ഷ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രമീണ അന്തരീക്ഷത്തിൽ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുന്നു.

* പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വ ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

* വിഷയാടിസ്ഥാനത്തിൽ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

* അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

* അധ്യാപനവും അദ്ധ്യയനവും സർഗാതമകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിൽ വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.

# പദ്ധതി രൂപീകരണ പ്രക്രിയ

* സ്റ്റാഫ് കൗൺസിലിൽ ഹെഡ്മാസ്റ്റർ അക്കാദമിക് മാസ്റ്റർപ്ലാനും വാർഷിക കലണ്ടറും തയ്യാറാക്കേണ്ടതിന്റെ ആവശ്യകത മുന്നോട്ടവച്ചു.

* SRG യോഗത്തിൽ എച്ച്. എസ് തലത്തിൽ വിവിധ വിഷയങ്ങളി ലൂന്നി മാസ്റ്റർപ്ലാനും, വാർഷിക കലണ്ടറും തയ്യാറാക്കാൻ തീരുമാനിച്ചു.

* വിവിധ വിഷയങ്ങളുടെ സബ്ജക്ട് കൗൺസിൽ ചേർന്ന് കുട്ടി കൾ നേടേണ്ട ശേഷികളും, പ്രവർത്തനങ്ങളും ചർച്ചചെയ്യൽ.
* SRG കളുടെ നേതൃത്വത്തിൽ പദ്ധതിരേഖ തയ്യാറക്കൽ.

| മലയാളം 3 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | a. അക്ഷരം ഉറപ്പിക്കൽ<br>b. ചിനം ഉറപ്പിക്കൽ<br>c. പദനിർമ്മാണം<br>d. വാക്യനിർമ്മാണം<br>e. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 6 മാസം | ഭാഷാധ്യാപകർ<br>SRG |
| 2. എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | a. സ്കൂൾ ലൈബ്രറി നവീകരണം<br>b. വായനോത്സവം<br>c. ജന്മദിന പുസ്കം<br>d. പത്രവായന<br>e. ക്ലാസ്സ് വായനാക്കൂട്ടം | 1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br><br>മലയാളം അധ്യാപകർ<br>SRG |

| | | | |
|---|---|---|---|
| 3. സർഗ്ഗശേഷി വികസനം | a. സാഹിത്യ ക്വിസ്സ്<br>b. കവിതാലാപന മത്സരം<br>c. പത്രം പ്രസിദ്ധീകരിക്കൽ<br>d. പുസ്തകാസ്വാദനം<br>e. രചനാശില്പശാല<br>f. അമ്മമാർക്കൊരു റീൽസ് മത്സരം, ആസ്വാദനക്കുറിപ്പ് മത്സരം<br>g. നാടകക്കളരി | മാസത്തിൽ ഒരു തവണ.<br>6 മാസം<br>6 മാസത്തിലൊരിക്കൽ<br>ആവശ്യാനുസരണം<br>വർഷത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ<br>SRG<br>വിദ്യാരംഗം<br>മലയാളം അദ്യാപകർ<br>വിദ്യാരംഗം |
| 4. വിവിധ ശേഷികളുടെ വികസനം | 1. ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ. | ജൂൺ-മാർച്ച് | SRG |

## മലയാളം ക്ലബ് പ്രവർത്തനങ്ങൾ ജൂൺ - മാർച്ച്

| മാസം | ദിനം | പ്രവർത്തനങ്ങൾ |
| --- | --- | --- |
| ജൂൺ | 5. ലോക പരിസ്ഥിതിദിനം<br><br>19. വായനാ ദിനം | 1. ചിത്രരചനാ മത്സരം<br>(പെൻസിൽ ഡ്രോയിംഗ്)<br><br>1. ക്വിസ്സ് മത്സരം<br>2. വായനാക്കളരി.<br>3 അക്ഷര വൃക്ഷം<br>4. പദനിർമ്മാണ മത്സരം.<br>5. രക്ഷിതാക്കൾക്കൊരു<br>ആസ്വാദനക്കുറിപ്പ് മത്സരം |
| ജൂലൈ | 5. ബഷീർ ദിനം | 1. ബഷീർ - പുസ്തക പരിചയം<br>2. പ്രശ്നോത്തരി മത്സരം<br>3. റീൽസ് നിർമ്മാണം<br>4. അഭിനയക്കളരി |

| | | |
|---|---|---|
| ആഗസ്റ്റ് | 6. എസ്.കെ പൊറ്റക്കാട് ഓർമ്മ ദിനം. | 1. പുസ്തക പരിചയം<br>2. സഞ്ചാര സാഹിത്യ പരിചയം<br>3. യാത്രാവിവരണം തയ്യാറാക്കൽ |
| സെപ്തംബർ | 5. ദേശീയ അധ്യാപക ദിനം | 1. അധ്യാപകർക്കൊരു ആശംസാ കാർഡ് നിർമ്മാണം<br>2. കുട്ടിടീച്ചർ |
| നവംബർ | 1. കേരളപ്പിറവി<br><br>16. ദേശീയ പത്രദിനം. | 1. കേരള കലകളുടെ ദൃശ്യാവിഷ്കാരം<br>2. പ്രശ്നോത്തരി മത്സരം<br>3. കൊളാഷ് മത്സരം<br>4. പ്രതിസജ്ഞ.<br><br>1. ക്ലാസ്സ്തലപത്രനിർമ്മാണം<br>2. പത്രവായന. |

| | | |
|---|---|---|
| ഡിസംബർ | 25. എം.ടി ഓർമദിനം | 1. പുസ്തക പരിചയം<br>2. സിനിമാപ്രദർശനം<br>3. ഡോക്യുമെന്ററി പ്രദർശനം |
| ജനുവരി | 23. ദേശീയ കൈയ്യക്ഷര ദിനം | 1. കൈയ്യക്ഷര മത്സരം<br>2. കൈയെഴുത്ത് മാസിക. |
| ഫെബ്രുവരി | 13. ഒ.എൻ.വി ഓർമ ദിനം<br>13. ലോക റേഡിയോ ദിനം<br>21. ലോക മാതൃഭാഷ ദിനം | 1. കവിപുസ്തക പരിചയം<br>2. ONV കവിതകളുടെ ആലാപനം<br><br>1. റേഡിയോ ജോക്കി<br>1. പ്രശ്നോത്തരി മത്സരം.<br>2. മാതൃഭാഷാ പ്രതിജ്ഞ.<br>3. ഉപന്യാസ മത്സരം. |

## ARABIC CLUB
## BYKVHSS VALAVANNUR

# ACTIVITIES MASTER PLAN
# 2025-26

| NO | ACTIVITIES | DATE |
|---|---|---|
| 1 | **അലിഫ് ടാലന്റ് ടെസ്റ്റ്, മികവ് തെളിയിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർ മത്സരങ്ങൾക്കായി പരിശീലിപ്പിക്കൽ**<br>ജൂലൈ 10ന് നടക്കുന്ന സ്കൂൾതല അലിഫ് ടാലന്റ് ടെസ്റ്റിൽ നിന്നും യോഗ്യത നേടിയ ടോപ് 3 വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് തുടർന്ന് നടക്കുന്ന പരീക്ഷകളിൽ ഉയരങ്ങളിൽ എത്താൻ ആവശ്യമായ നിരന്തര പരിശീലനം നൽകൽ. | JULY: 10 |
| 2 | **CLUB ID CARD നൽകൽ**<br>എല്ലാ ക്ലാസ്സുകളിൽ നിന്നും അറബിക് ക്ലബിലേക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അറബിക് എഴുത്തോടു കൂടി പ്രത്യേകം രജിസ്റ്റർ നമ്പർ നൽകിയ **ID** കാർഡ് നൽകൽ. | JULY |
| 3 | **ARABIC CLUB Formation Meet & Talent Hours**<br>ക്ലബിൽ അംഗമായവരെ സംഘടിപ്പിച്ച് ക്ലബ് ഫോർമേഷൻ സംഗമവും വിദ്യാർകളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള ടാലന്റ് ഹവേർസും. | JULY |
| 4 | **AI (Artificial intelligence) സാധ്യതകൾ വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധത്തിൽ ഉപയോഗപ്പെടുത്തൽ**<br>ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയോഗിച്ച് 8,9,10 ക്ലാസ്സുകളിലെ അറബിക് പുസ്തകങ്ങളിലെ സംഭാഷണം, കവിത പോലോത്ത ഭാഗങ്ങൾ (ഒരു ചാപ്റ്ററെങ്കിലും) കുട്ടികൾക്ക് രസകരമാവും വിധത്തിൽ ചിത്രീകരിക്കൽ. ഇതിന്റെ(AI) ക്രിയേഷൻ അധ്യാപക സുഹൃത്തുക്കൾക്ക് എളുപ്പത്തിൽ പഠിക്കാനുള്ള സാഹചര്യവും ഒരുക്കൽ. | AUGUST |
| 5 | **സ്പെഷ്യൽ ദിനങ്ങളിൽ അറബിക് പോസ്റ്ററും ഓൺലൈൻ പ്രോഗ്രാമുകളും**<br>ഓഗസ്റ്റ് 15 : സ്വാതന്ത്രദിനം<br>സെപ്റ്റംബർ 5 : അധ്യാപക ദിനം<br>നവംബർ 1 : കേരളപ്പിറവി ദിനം<br>ജനുവരി 26 : റിപ്പബ്ലിക് ഡേ<br>തുടങ്ങിയ ദിനങ്ങളിൽ നല്ല സന്ദേശം നൽകുന്ന അറബിക് പോസ്റ്ററുകൾ തയ്യാറാക്കി ഷെയർ ചെയ്യലും സാഹചര്യത്തിനനുസരിച്ച് ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കലും. | AUGUST<br>SEPTEMBER<br>NOVEMBER<br>JANUARY |

| NO | ACTIVITIES | DATE |
|---|---|---|
| 6 | **സബ്ജില്ലാ കലോത്സവത്തിലേക്കുള്ള പ്രതിഭകളെ കണ്ടെത്തൽ**<br><br>വരാനിരിക്കുന്ന അറബിക് കലോത്സവങ്ങളിൽ സ്കൂളിന് ഉയർന്ന സ്ഥാനം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 19 ഇനങ്ങളിലേക്കും അനുയോജ്യരായ പ്രതിഭകളെ ജൂലൈ മാസത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ നിരന്തര പരിശീലനം നൽകൽ.<br><br>ഒന്നാം ഘട്ടമായി താഴെ നൽകിയ 8 വിഭാഗം കലകളിൽ കഴിവുള്ളവരെ അധ്യാപകർ അവരവരുടെ പിരിഡുകളിൽ കണ്ടെത്തി ലിസ്റ്റിറ്റ് തയ്യാറാക്കുക, ഇതിൽ ഏറ്റവും മികവു കാണിക്കുന്നവരെ കണ്ടെത്തി ജൂലൈ മാസത്തിൽ തന്നെ അവർക്കുള്ള പരിശീലനം ആരംഭിക്കുക.<br><br>**8 വിഭാഗം കലകൾ - ബ്രാക്കറ്റിൽ അനുബന്ധ മത്സരങ്ങളും**<br><br>പാട്ടുപാടാൻ കഴിവുള്ളവർ:<br>(അറബി ഗാനം (B), അറബിക് ഗാനം (G), പദ്യം ചൊല്ലൽ(B), പദ്യം ചൊല്ലൽ (G), സംഘ ഗാനം)<br><br>അറബി ശരിയായ ഉച്ചാരണത്തിൽ സംസാരിക്കാൻ കഴിവുള്ളവർ<br>(അറബി പ്രസംഗം, കഥാപ്രസംഗം, മോണോ ആക്ട്, സംഭാഷണം)<br><br>അറബി നല്ല കയ്യെഴുത്തിലും മനഃപ്പാഠത്തിലും കഴിവുള്ളവർ<br>(ഉപന്യാസം, കഥാരചന)<br><br>അറബിക് " ഇൻഷാഹ് " കഴിവുള്ളവർ - ധാരാളം അറബി വാക്കുകൾ അറിയുന്നവരും, വാചകങ്ങൾ ഉണ്ടാക്കാൻ കഴിവുള്ളവരും)<br>( അടിക്കുറിപ്പ്, വിവർത്തനം, നിഘണ്ടു നിർമ്മാണം, പ്രശ്നോത്തരി )<br><br>ഹിഫ്ള് കഴിവുള്ളവർ<br>(മുഷാഅറ)<br><br>വരക്കാനും കാലിഗ്രാഫിക്കും കഴിവുള്ളവർ<br>(പോസ്റ്റർ നിർമ്മാണം)<br><br>പാരായണം കഴിവുള്ളവർ<br>(ഖുർആൻ പാരായണം)<br><br>അഭിനയിക്കാൻ കഴിവുള്ളവർ<br>(നാടകം) | JULY |

| NO | ACTIVITIES | DATE |
|---|---|---|
| 7 | **ഷോർട്ട് ഡോക്യുമെന്ററി നിർമ്മാണം**<br>പൊതുജനങ്ങൾക്ക് നല്ല സന്ദേശം നൽകുന്ന പരിമിധമായ എണ്ണത്തിൽ നമ്മുടെ വിദ്യാർത്ഥികളെയും അധ്യാപകർ, HM, മാനേജ്മെന്റ് പ്രതിനിധികൾ (ആവശ്യമെങ്കിൽ) ഉൾക്കൊള്ളിച്ചു കൊണ്ട് 10 മിനിറ്റിൽ താഴെയുള്ള ഷോർട്ട് ഫിലിമോ / ഡോക്യുമെന്ററിയോ നിർമ്മിക്കൽ.<br>വിഷയം ഉദാഹരണമായി: ലഹരിക്കെതിരെ / സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം / പരസ്പര സഹായം / നല്ല കൂട്ടുകാരൻ Etc... | NOVEMBER |
| 8 | **അറബി ഭാഷാ ദിനാഘോഷം - വ്യത്യസ്ത പരിപാടികൾ**<br>ഡിസംബർ 18 ലോക അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് ഓൺലൈൻ ക്വിസ്, 'Arabic Expo' എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കൽ | DECEMBER |
| 9 | **അറബിക് E-Magazine**<br>നമ്മുടെ ക്ലബ്ബ് പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ മികച്ച രചനകളും ഉൾപ്പെടുത്തി അധ്യായന വർഷത്തിന്റെ അവസാനത്തിൽ E-Book സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു ഇ- മാഗസിൻ നിർമ്മിക്കൽ. | JANUARY |

## ACADEMIC MASTER PLAN 6
## ENGLISH HIGH SCHOOL ACTIVITIES 2025-26

| SL NO. | AIM | ACTIVITIES | DURATION | DUTIES | FINANCIAL ASSISTANTS |
|---|---|---|---|---|---|
| 1. | Empower the children to express themselves in English with cumfidence | * English Assembly<br>* Spoken English Class<br>* English Corner | Friday<br>Classroom activities | Teachers | Management<br>PTA |
| 2. | Encourage Children's creative Pursuits | * English day ceremony<br>* Choreography of English Poems<br>* Role Play | English Club<br>Classroom Activities | Teachers | English Club |
| 3. | Guide Children towards independent reading and Writing abilities | * News Reading<br>* Assembly<br>* Magazine<br>* Story Writing<br>* Dialy Writing | English Club<br>Classroom Activities | Teachers | English Club |
| 4. | Dramatization | * Skit | English Club | Teachers | Management<br>PTA |
| 5. | Enable them to recite and write poetry in their own style | * Opportunity to listen English<br>* poetry Writing<br>* Singing Competition<br>* Appreciation | Classroom Activities | Teachers | English Club |

## English Club Activities 2025-26

| Month | Activities |
|---|---|
| June | 5. Poster making (World Environment Day)<br>19. Book review (National Reading Day)<br>26. Speech (International Day Against Drug Abuse) |
| July | 5. Wall magazine (Basheer day)<br>12. Essay (Malala Day) |
| August | 4. Letter to a friend (International Friendship Day)<br>15. Patriotic song (Independence Day) |
| September | 5. Role play student-teacher (Teacher's Day) |
| October | 2. College (Gandhi Jayanti)<br>16. Writing a recipe (World Food Day) |
| November | 14. Versification (children's Day) |
| December | 1. Poster making (World AIDS Day) |
| January | 25. Travelogue writing (World Tourism day)<br>26. Speech (Republic Day) |
| February | |
| March | |
| | |

# ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഒരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

* ഹിന്ദി ഭാഷ പഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽക്കി മികവ് നേടാൻ പ്രാപ്തരാക്കുക.

| എട്ടാം തരം | | |
|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിച്ചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ, വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശിലനത്തിന് അധികപ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽക്കുന്നു. | ഡിസംബർ<br>ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽകുന്ന വരെകണ്ടെത്തി ക്കൂടുതൽ പരിശീലനം നൽക്കുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവൻ നൽങ്കുന്നു. | ജൂൺ<br>ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു. ചെറിയ ചെറി യ മുദ്രവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അ തിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു. കവിതാകഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർ ഡുകൾ എഴുതി ക്ലാസ്സിൽ പ്ര ദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാന റിയുന്നു.<br>കവിത വായിച്ച് ആസ്വാദ ന ക്കുറിപ്പ് തയ്യാറാക്കുവാ നറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>വിവിധ വിഷയങ്ങൾ നൽക്കുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.<br>*ചെറിയ കവിതകൾ നൽക്കിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | നവംബർ<br>ഡിസംബർ |

| പത്താം തരം | | |
|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എഴുതുവാനുള്ള നിർദേശം നൽ കുന്നു. | നവംബർ<br>ജനുവരി |

## അക്കാദമിക് മാസ്റ്റർ പ്ലാൻ: സോഷ്യൽ സയൻസ്

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ, മാർച്ച് | ക്ലബ്ബ് കൺവീനർ<br>SRG |
| | **മോക്ക് പാർലമെന്റ്** | | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | S S അധ്യാപകർ |

# സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ, കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉണ്ടകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും<br>(ഒരു വർഷം) | SS ക്ലബ് |

# പഠന യാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, കലകൾ, കോട്ടകൾ എന്നിവയെ കുറിച്ച് കൂടുതൽ അറിയാൻ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | വർഷത്തിൽ ഒരു തവണ | SS അധ്യാപകർ |

# Club activities-social science

| month | day | activity |
|---|---|---|
| June | June-5th World environment Day | live poster making |
| June | June-26th World Anti Drug Day | flash mob |
| July | July-11th World Population Day | Cartoon making |
| | July-21 Lunar day | Interactive session with an expert |
| August | August 6, 9 Hiroshima, Nagasaki day | Anti War Ralley |
| | August-15 Independence Day | Independence Day Quiz |

## ഗണിതം-മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1) ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ 1 | അധ്യാപകർ, ഗണിത ക്ലബ്ബ് |

| | | | |
|---|---|---|---|
| 5) സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘതലവൻ |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികളെ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ |
| 8) ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്സ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ, പിടിഎ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് / ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകർ, പിടിഎ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്നു, ചുമതലകൾ നൽകുന്നു | മെയ് / ജൂൺ | അധ്യാപകർ, HM, പിടിഎ പ്രസിഡണ്ട് |

# ഗണിത ക്ലബ്ബ് 2025-2026

| Month | Date | Programme |
|---|---|---|
| ജൂൺ | ജൂൺ 5<br>ലോക പരിസ്ഥിതി ദിനം | ഗണിത മരം |
| | ജൂൺ 19<br>വായനാദിനം,<br>**Pascal Day** | ഗണിത പുസ്തക പ്രദർശനം<br><br>ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്ന പ്രസംഗ അവതരണം |
| | ജൂൺ 23-27 | Puzzle week |
| | ജൂൺ 29<br>National<br>Statistics Day | |
| July | July 1<br>Leibniz day | ക്വിസ് മത്സരം |
| | July 11 World Population Day | Number chart |
| | June 22<br>Pi Approximation Day | ഗണിത കഥ, ഗണിത കവിത നിർമ്മാണം |
| August | August 15<br>Independence Day<br><br>August 16<br>Fermat's day | പതാക നിർമ്മാണം<br><br>Poster making<br>Origami and Geometric workshop |

| | | |
|---|---|---|
| September | ഓണാഘോഷം | ഗണിത പൂക്കളം<br>ഗണിത മേള തയ്യാറെടുപ്പുകൾ |
| October | Oct 23<br>Mole day | **ഗണിത മേള**<br>Maths lab activity |
| November | Nov 23<br>Fibonachi Day | **Fibonachi Series**<br>പ്രദർശനം<br>ഭാസ്കരാചാര്യ ഉപന്യാസം<br>മത്സരം |
| December | Dec 22<br>National Mathematics Day | ശ്രീനിവാസ രാമാനുജൻ<br>ജന്മദിനാഘോഷങ്ങൾ |
| January | | Maths skit |
| February | Feb 27<br>Euler Day | ഗണിത ക്ലബ് പ്രവർത്തന<br>അവലോകനം |

# PHYSICS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ലഘു ശാസ്ത്ര പരീക്ഷണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.<br><br>ക്ലാസ് തലത്തിൽ കുട്ടികൾ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. | June-Jan | ടീച്ചർ |
| 2 | ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | പെൻഡുലം, സ്റ്റോപ്പ് വാച്ച് തുടങ്ങിയവ കുട്ടികൾ പരീക്ഷണങ്ങൾ ചെയ്യാൻ ഉപയോഗിക്കുന്നു | June-Jan | ടീച്ചർ |
| 3 | ശാസ്ത്ര ഉപകരണങ്ങളുടെ നിർമാണം | ടെലിസ്കോപ്പ് നിർമ്മാണം ശാസ്ത്രമേള നടത്തുന്നു | June-Aug | സയൻസ് ക്ലബ് |
| 4 | സയൻസ് ലാബ് വിപുലീകരിക്കൽ | സയൻസ് ലാബിൽ ഫിസിക്സ് ഉപകരണങ്ങളുടെ ക്രമീകരണവും വിപുലീകരണവും നടത്തുന്നു. | June | സയൻസ് ക്ലബ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 5 | ശാസ്ത്ര മാഗസിൻ നിർമ്മാണം | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര ലേഖനം, കവിത തുടങ്ങിയവ ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുകയും കുട്ടികൾക്ക് വായിക്കാനായി ലൈബ്രറിയിലേക്ക് നൽകുകയും ചെയ്യുന്നു | June-Aug | സയൻസ് ക്ലബ്, ടീച്ചർ |
| 6 | റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നു | ICTയുടെ സഹായത്തോടെ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നു | June | സയൻസ് ക്ലബ്, ടീച്ചർ |

## CHEMISTRY

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്രപ്രവർത്തന രീതി പരിചയപ്പെടൽ | ലഘുപരീക്ഷണങ്ങളിലൂടെ പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>പരീക്ഷണങ്ങളിലൂടെ പ്രവർത്തനവും സാമഗ്രികളും ലിസ്റ്റ് ചെയ്യുന്നു. | ജൂൺ മുതൽ | കെമിസ്ട്രി ടീച്ചർ, സയൻസ് ക്ലബ് |
| 2 | ശാസ്ത്ര അവബോധം വളർത്തുന്നു | സ്കൂൾതല ശാസ്ത്രമേള, ശാസ്ത്ര പ്രോജക്ടുകൾ എന്നിവ അവതരിപ്പിക്കുന്നു<br>ശാസ്ത്ര മാഗസിൻ തയ്യാറാക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് |
| 3 | ശാസ്ത്ര പഠനത്തിൽ ICTസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ICTയുടെ സഹായത്തോടെ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br><br>സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിൽ ICT സാധ്യത ഉപയോഗപ്പെടുത്തുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ |

# SCIENCE CLUB ACTIVITIES

| | June |
|---|---|
| June 2<br><br>5<br><br>Std-X<br><br>26 | **School opening**<br><br>പരിസ്ഥിതി ദിനം, പോസ്റ്റർ നിർമ്മാണം, ഫലവൃക്ഷത്തൈകളുടെ നടൽ<br><br>ശബ്ദ തരംഗങ്ങൾ, സെമിനാർ: അൾട്രാസോണിക് തരംഗങ്ങളും ഉപയോഗങ്ങളും<br><br>World Anti Drug Day -പോസ്റ്റർ രചന മത്സരം |
| ജൂലൈ | |
| 21 | ചാന്ദ്രദിനം<br>ക്വിസ്, വീഡിയോ പ്രദർശനം,<br>റോക്കറ്റ് നിർമ്മാണം,<br>പര്യവേഷണ വീഡിയോ പ്രദർശനം (വിവിധ ദൗത്യങ്ങൾ) |

| | |
|---|---|
| August | |
| 16<br><br>6 | Essay competition "importance of science after independence day"<br><br>വീഡിയോ പ്രദർശനം |
| September | |
| | സ്കൂൾതല ശാസ്ത്രമേള |
| October | |
| 16 | ലോക ഭക്ഷ്യ ദിനം<br>-ബോധവൽക്കരണ ക്ലാസ്<br>-വീഡിയോ പ്രദർശനം |
| November | |
| 7 | അർബുദ ബോധവൽക്കരണ ക്ലാസ് |
| December | |
| 1<br><br>14 | ലോക എയ്ഡ്സ് ദിനം<br>-ബോധവൽക്കരണ റാലി<br><br>ഊർജ്ജ സംരക്ഷണ ദിനം |

| മേഖലഹൈസ്കൂൾ 8th ജീവശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| കാർഷിക മേഖലകളിൽ കുട്ടികളുടെ താല്പര്യം വളർത്തുക | സ്കൂളിൽ അധ്യാപകരുടെ സഹായത്തോടെ പച്ചക്കറിത്തോട്ടം ഒരുക്കൽ | ജൂൺ | സയൻസ് അധ്യാപകർ |
| കൃഷി ആദായകരമാക്കുന്നതിന് ഉതകുന്ന വിവിധ സാധ്യതകളെപ്പറ്റി ധാരണ കൈവരിക്കൽ | പത്രവാർത്തകൾ വിശകലനം ചെയ്ത് ആശയ രൂപീകരണം | ജൂലൈ | സയൻസ് അധ്യാപകർ |
| കൃഷിയുടെ വൈവിധ്യമാർന്ന പ്രയോഗങ്ങളും അതിൻറെ പ്രയോജനങ്ങളും | കർഷകരുമായുള്ള ചർച്ച | ആഗസ്റ്റ് | സയൻസ് അധ്യാപകർ |
| മേഖലഹൈസ്കൂൾ 9th ജീവശാസ്ത്രം | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| ഹൃദയാരോഗ്യത്തെപ്പറ്റിയുംഹൃദയത്തെ സംരക്ഷിക്കേണ്ടതിന്റെപ്രാധാന്യത്തെ പറ്റിയും കുട്ടികളൊ ബോധവാന്മാരാക്കുക | ഹൃദയസംരക്ഷണത്തെപ്പറ്റി പി എച് സി യുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ | സയൻസ് അധ്യാപകർ |
| ആരോഗ്യപൂർണമായ ജീവിതരീതി, തെറ്റായ ആരോഗ്യ ശീലങ്ങൾ, വ്യായാമങ്ങൾ എന്നിവയെപ്പറ്റി മനസ്സിലാക്കൽ | ഹൃദയാരോഗ്യവും ഫാസ്റ്റ് ഫുഡും' സെമിനാർ പേപ്പർ അവതരണം (ക്ലാസ്തലം) | ഒക്ടോബർ | സയൻസ് അധ്യാപകർ |
| മേഖലഹൈസ്കൂൾ 10th ജീവശാസ്ത്രം | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| ജീവികളുടെ ജനിതക വൈവിധ്യത്തിനും പരിണാമത്തിനും പിന്നിലെ രഹസ്യങ്ങൾ തിരിച്ചറിയൽ | സെമിനാർ അവതരണം | നവംബർ | സയൻസ് അധ്യാപകർ |
| ജനിതകശാസ്ത്രത്തിന്റെ വൈവിധ്യമാർന്ന പ്രതിഭാസങ്ങളെ കുറിച്ച് ധാരണ കൈവരിക്കൽ | പ്രതിഭാസങ്ങളെ പറ്റിയുള്ള പ്രധാന ആശയങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യൽ | ഡിസംബർ | സയൻസ് അധ്യാപകർ |
| ഡിഎൻഎയുടെ സ്ഥാനം ഘടന എന്നിവയെ കുറിച്ച് മനസ്സിലാക്കൽ | ICTയുടെ സഹായത്താൽ | ജനുവരി | സയൻസ് അധ്യാപകർ |

# പ്രതീക്ഷിത നേട്ടങ്ങൾ

*ശിശു സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നു

*മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു

*ഓരോ വിദ്യാർത്ഥിയെയും അഭിരുചിക്കും കഴിവിനും അനുസരിച്ച് ഉയർത്തിക്കൊണ്ടു വരാൻ സഹായിക്കുന്നു

## ഉപസംഹാരം

ബി വൈ കെ വി എച്ച് എസ് എസ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത് പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്